കേരള സർക്കാർ

**വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 **ആഗസ്റ്റ് 16,** വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## കനത്ത മഴ- മുന്നറിയിപ്പ് ദുരന്ത നിവാരണ അവലോകനം നടത്തി

സംസ്ഥാനത്തെ കനത്ത മഴയുടെ മുന്നറിയിപ്പ് ഉള്ളതിനാൽ കാസറഗോഡ് ജില്ലയിലും അതീവജാഗ്രതാ നിർദേശം നല്കി. ദുരന്ത നിവാരണ അവലോകനയോഗവും കലക്ട്രേറ്റിൽ ജില്ലാ കലക്ടറുടെ ചുമതലയുള്ള എ ഡി എം എൻ ദേവീദാസിന്റെ അധ്യക്ഷതയിൽ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.ഞായറാഴ്ച വരെ മഴ തുടരുമെന്ന ജാഗ്രതാ നിർദേശമുള്ളതിനാൽ ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലും കടലോരങ്ങളിലും പ്രത്യേക ശ്രദ്ധയ്ക്ക് നിർദേശം നല്കി.കടൽ പ്രക്ഷുബ്ധമാവാൻ ഇടയുള്ള കേന്ദ്രങ്ങളിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ റവന്യു സംഘം പ്രത്യേക ജാഗ്രതാ പുലർത്തുന്നതാണ്.

റോഡുകളിൽ രൂപപ്പെട്ടിട്ടുള്ള കുഴികൾ അടിയന്തിരപ്രാധാന്യത്തോടെ അടക്കുകയോ മുന്നറിയിപ്പ് സിഗ്നൽ വെക്കുകയോ ചെയ്യണമെന്ന് എഡി എം നിർദേശം നല്കി.ചന്ദ്രഗിരി പുഴ കരകവിഞ്ഞതിനെ തുടർന്ന് 35 കുടുബങ്ങളിലെ 322 പേരെ മാറ്റിപ്പാർപ്പിച്ചു.പുരുഷൻമാരും കുട്ടികളുമായി 194 പേരെയും 128 സ്തീകളെയുമാണ് മാറ്റിപ്പാർപ്പിച്ചത്.പള്ളിക്കര രണ്ട് വില്ലേജിലെ

ഗവ.ഫിഷറീസ് എൽ പി സ്കൂൾ ബേളകം ,കോട്ടിക്കുളം ഗവ. യു പി സ്കൂൾ എന്നിവിടങ്ങളിലാണ് റിലീഫ് ക്യാമ്പ് തുറന്നിട്ടുള്ളത്.

തീരദേശമേഖലകളും കോളനികളും അതീവ ശ്രദ്ധ ആവശ്യമുള്ള വയാണെന്ന് യോഗം വിലയിരുത്തി.കാറ്റും മഴയും രൂക്ഷമാവുന്ന ഘട്ടം മുന്നിൽക്കണ്ട് ഇവിടങ്ങളിലുള്ളവർക്ക് ബദൽ സുരക്ഷാനടപടി കൾ യോഗം ചർച്ച ചെയ്തു. എല്ലാ പഞ്ചായത്തുകളിലും വാർഡുതല ദുരന്തപ്രതികരണസേന അനിവാര്യമായും രൂപികരിക്കാനും എഡിഎം നിർദ്ദേശം നൽകി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ ജി സി ബഷീർ,കാസറഗോഡ് ആർഡിഒ അബ്ദുസമദ്,വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കാസറഗോഡ് ഡിഎംഒ(ആരോഗ്യം)ഓഫീസ് ജീവനക്കാർ ഓണാഘോഷ നിധിയിൽ നിന്ന് സ്വരൂപിച്ച 10000 രുപയും വിഎച്ച്എസ്എസ് കെക്കോട്ടുകടവ് 30000 രൂപയും തൃക്കരിപ്പൂർ ഗവ. എച്ച് എസ്എസ് 92-93ബാച്ച് എസ് എസ്എൽസി 50000 രൂപയും നൽകി

കളക്ടറേറ്റിൽ നടന്ന ദുരന്തനിവാരണ ആലോചനയോഗത്തിലാണ് തുക കൈമാറിയത് എഡിഎം എൻ ദേവിദാസ് തുക ബന്ധപ്പെട്ടവരിൽ നിന്നും സ്വീകരിച്ചു.

## ജൂനിയർ ഇൻസ്ട്രക്ടർ കൂടിക്കാഴ്ച 21 ന്

കാസറഗോഡ് ഗവ: ഐ.ടി.ഐ.യിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് ഡീസൽ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, വെൽഡർ, പ്ലംബർ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് റഫ്രിജറേഷൻ & എയർ കണ്ടീഷണർ എന്നീ ട്രേഡുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ ഈ മാസം 21 ന് രാവിലെ 10 മണിക്ക് നടത്തും. യോഗ്യത: ബന്ധപ്പെട്ട ട്രേഡിൽ ഡിപ്ലോമ, ബിരുദം, അല്ലെങ്കിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയത്തോടെയുള്ള എൻ.ടി.സി അല്ലെങ്കിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയത്തോടെയുള്ള എൻ.എ.സി. ഫോൺ -04994 256440

## തൊഴിൽ രഹിത വേതനം

പുത്തിഗെ ഗ്രാമ പഞ്ചായത്ത് തൊഴിൽ രഹിതവേതനം ഈ മാസം 18ന് വിതരണം ചെയ്യും

## നിക്ഷേപ സംരംഭക സംഗമം നടത്തി.

മൃഗസംരക്ഷണ മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ പുതിയതായി നിക്ഷേപക തൊഴില് സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കും (പശു, ആട്, കോഴി, മുയല്, പന്നി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ) നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സംരംഭങ്ങൾ കൂടുതൽ വിപുലീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്കുമായി മൃഗസംരക്ഷണ വകുപ്പിന്റെ കാസറഗോഡ് പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് ഹാളിൽ നിക്ഷേപ സംരഭക സംഗമം നടത്തി. പരിപാടി കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് , ഓമന രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ് അധ്യക്ഷ ആയിരുന്നു.ചടങ്ങിന് കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, വി. ദാമോദരൻ, വികസനകാര്യ സ്റ്റാന്ഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ശുഭ ലോഹിതാക്ഷൻ തുടങ്ങിയവർ ആശംസ നേർന്നു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ഡോ. ഉമ്മൻ പി.രാജ് മുഖ്യ അഥിതിയായി. ചടങ്ങിൽ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ഡോ. എസ്. രാജലക്ഷ്മി റിപ്പോർട്ട് അവതരിപ്പിച്ചു.

ഡോ. ഷാജിബ്.സി.കെ (വെറ്ററിനറി സർജൻകട്ടിപ്പാറ കോഴിക്കോട് ഡോ.സൂര്യനാരായണഭട്ട് (ഡെപ്യൂട്ടി ഡയരക്ടർ ആത്മ ) സി.എസ്.രമണൻ ( ലീഡ് ബാങ്ക് ഡിസ്ട്രിക്ട് മാനേജർ), സനിൽ.കെ (എഞ്ചിനീയർ,പൊല്യൂഷൻ കണ്ട്രോൾ ബോർഡ്), മനോഹരൻ.വി( ക്ഷീരവികസന വകുപ്പ്), .ടി ദിനേശൻ റിട്ട. ഡെപ്യൂട്ടി ഡയരക്ടർ,വ്യവസായ വകുപ്പ് എന്നിവർ വിവധ വിഷയങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്തു.കുറ്റിക്കോൽ വെറ്ററിനറി സർജൻ , ഡോ. ബിജു.കെ.ജി നന്ദി പറഞ്ഞു.

## ക്ഷേത്ര ഭരണാധികാരികൾ രേഖകൾ ഹാജരാക്കണം

മലബാർദേവസ്വംബോർഡിന്റെ കാസറഗോഡ്ഡിവിഷനു കീഴി ലുള്ളതും,ശമ്പള കുടിശ്ശികമാനേജ്മെന്റ് ഫണ്ടിൽ നിന്നും വാങ്ങുന്ന തുമായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കുള്ള 2018 വർഷത്തെ ഓണം ഉത്സവബത്തകൈപ്പറ്റുന്നതിലേക്കായി ക്ഷേത്രത്തിന്റെ 2017 ലെ

വരവ്ചെലവ്സ്റ്റേറ്റ്മെന്റ്, ശമ്പള പട്ടിക, ട്രഷറി ,ബാങ്ക് പാസ് ബുക്ക്എന്നിവയുടെ പകർപ്പും, താൽക്കാലികജീവനക്കാരുണ്ടെങ്കിൽ അവരുടെഐഡന്റിറ്റികാർഡിന്റെ പകർപ്പും ക്ഷേത്രഭരണാധികാരിയിൽ നിന്നുള്ള സത്യവാങ്മൂലവും സഹിതം അപേക്ഷ ബന്ധപ്പെട്ട ക്ഷേത്ര ഭരണാധികാരികൾ മലബാർദേവസ്വംബോർഡ്കാസർഗോഡ്അസിസ്റ്റന്റ് കമ്മീഷണറുടെനീലേശ്വരത്തുള്ള ആഫീസിൽഹാജരാക്കണം

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി. പരിശീലനം

സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി പി.എസ്.സി. പരിശീലനം നൽകുന്നു. പരിശീലനത്തിന് ആവശ്യമായ ചെലവ് സർക്കാർ വഹിക്കും.അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ജില്ലാ ഫിഷറീസ് ഓഫീസുകളിൽ ലഭ്യമാണ്. അപേക്ഷ ഈ മാസം 31 നകം ജില്ലാ ഫിഷറീസ് ഓഫീസിൽ സമർപ്പിക്കണം.

ബിരുദ തലത്തിൽ 50 ശതമാനം മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം.. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടാകുകയുള്ളൂ. വിദ്യാർത്ഥി,വിദ്യാർത്ഥിനിയുടെ ഫോട്ടോയും രക്ഷകർത്താവ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ബിരുദ കോഴ്സിന്റെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം.വിവരങ്ങൾക്ക്. ഫോ : 0467 2202537.

## കർഷക ദിന പരിപാടികൾ മാറ്റി വെച്ചു

സംസ്ഥാനത്തെ അതീവ ജാഗ്രതാ നിർദേശവും ദുരിതവും കണക്കിലെടുത്ത് ആഗസ്ത് 17 ചിങ്ങം ഒന്നിന് നടത്താനിരുന്ന കർഷക ദിന പരിപാടികൾ മാറ്റിവെച്ചു.

## പ്രത്യേക കൗണ്ടർ തുറന്നു

കേരളത്തിലെ പ്രളയദുരിതം അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കുന്നതിന് കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രത്യേക കൗണ്ടർ തുറന്നു.ഈ സൗകര്യം ഉദാരമതികൾ ഉപയോഗപ്പെടുത്തണമെന്ന് സെക്രട്ടറി അറിയിച്ചു.

## കാലവർഷം അടിയന്തിര ഫോൺ നമ്പറുകൾ

സംസ്ഥാനത്തെ അതീവ ജാഗ്രതാ നിർദേശവും ദുരിതവും കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു.പൊതുജനങ്ങൾക്കും സേവനം ആവശ്യമുള്ള വർക്കും നിലവിലുള്ള സേവനം പ്രയോജനപ്പെടുത്താം സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ 0471 2364424,കാസറഗോഡ് ജില്ല എമർജൻസി ഓപ്പറേഷൻ സെന്റർ 04994 257700,കാസറഗോഡ് താലൂക്ക് കൺട്രോൾ റൂം 04994 230021 9447030021,മഞ്ചേശ്വരം താലൂക്ക് കൺട്രോൾ റൂം 04998 244044 8547618464 ,ഹോസ്ദുർഗ് താലൂക്ക് കൺട്രോൾ റൂം 0467 2204042 9447494042,വെള്ളരിക്കുണ്ട് താലൂക്ക് കൺട്രോൾ റൂം 0467 2242320 8547618470, ഫയർ ആന്റ് റെസ്ക്യു കാസറഗോഡ് 04994 230101,9497920258 ,ഫയർ ആന്റ് റെസ്ക്യു കാഞ്ഞങ്ങാട് 0467 2202101,9497920260 ,ബേക്കൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ 04994 224800 9497970297,അഴിത്തല കോസ്റ്റൽ പോലീസ് സ്റ്റേഷൻ 0467 2287123 9497970217,ഷിറിയ കോസ്റ്റൽ പോലീസ് സ്റ്റേഷൻ 04998 241100 9497970226,റിവർ റാഫ്റ്റിംഗ് ബോട്ട് -ഷൈജു സെബാസ്റ്റ്യൻ 9495325669 , എൽ പി ജി ആക്സിഡന്റ് 0484 2825201 9567667968.

## *ഐ ടി ഐ യിൽ കോഴ്സുകൾ*

ഭീമനടിയിൽ പ്രവർത്തിക്കുന്ന ബേബി ജോൺ മെമ്മോറിയൽ ഗവ വനിതാ ഐ.ടി.ഐയിൽ 2018 ആഗസ്റ്റ് മാസം ആരംഭിക്കുന്ന എസ്.സി.വി.ടി കോഴ്സുകളായ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറർ, ഫാഷൻ ഡിസൈൻ ടെക്നോളജി-(1വർഷംവീതം) ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി യോഗ്യതയുള്ള പെൺകുട്ടികൾക്ക് ആഗസ്ത് 29 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 04672 341 666 നമ്പറിൽ ബന്ധപ്പെടുക.

## കാവൽ പദ്ധതിയിൽ പങ്കാളികളാകാം

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവ പരിവർത്തനം സാദ്ധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ ഇടപെടൽ പരിപാടിയായ കാവൽ പദ്ധതിയുടെ രണ്ടാം ഘട്ടം NIMHANS ന്റെ സഹകരണത്തോടെ കാസർകോട് ജില്ലയിൽ സന്നദ്ധ സംഘടനകൾ മുഖേന നടപ്പിലാക്കുവാൻ തിരുമാനിച്ചിട്ടുണ്ട്. കാവൽ പദ്ധതിയിൽ പങ്കാളികളാകാൻ താൽപര്യമുള്ള കാസർകോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് 04994-256990 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## സ്പോക്കൺ ഇംഗ്ലീഷ് ട്യൂട്ടർ നിയമനം

പട്ടികവർഗ്ഗ വികസവവകുപ്പിന്റെ കീഴിൽ പരവനടുക്കം പ്രവർത്തിക്കുന്ന കാസറകോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് സ്കൂളിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകുന്നതിന് ട്യൂട്ടറെ നിയമിക്കുന്നു. ഇംഗ്ലീഷ് ബിരുദം/ബിരുദാനന്തര ബിരുദം യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം (കമ്മ്യൂണികേറ്റീവ് ഇംഗ്ലീഷ് അഭികാമ്യം). അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹതം ഈ മാസം 20 നു രാവിലെ 10 ന് സ്ക്കൂളിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04994239969 എന്ന നമ്പറിൽ ബന്ധപ്പെടണം.

## ഖാദി സൗഭാഗ്യനറുക്കെടുപ്പ്

കേരള ഖാദി ഗ്രമവ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും ചേർന്നുള്ള ഓണം-ബക്രീദ് ഖാദി മേള 2018 സമ്മാന പദ്ധതിയുടെ ജില്ലാതല പ്രതിവാര നറുക്കെടുപ്പിന്റെ രണ്ടാമത്തെ നറുക്കെടുപ്പ് നടന്നു. കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ഗംഗ രാധാകൃഷ്ണൻ നറുക്കെടുപ്പ് നടത്തി. സമ്മാനം ലഭിച്ച കൂപ്പൺ നമ്പർ 102681.

## ക്വട്ടേഷൻ ക്ഷണിച്ചു

കാസറഗോഡ് ഗവ: കോളേജിലേക്ക് ആവശ്യമായ നാല് വാട്ടർ പ്യൂരിഫയറുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ പ്രിൻസിപ്പാൾ ഗവൺമെന്റ് കോളേജ്, കാസറകോഡ്, വിദ്യാനഗർ പി.ഒ, പിൻ.671123 എന്ന വിലാസത്തിൽ സെപ്തംബർ മൂന്നിന് ഒരുമണി വരെ സ്വീകരിക്കും.

## ട്യൂട്ടർ നിയമനം

പട്ടികവർഗ്ഗ വികസനവകുപ്പന്റെ കീഴിൽ പരവനടുക്കം പ്രവർത്തിക്കുന്ന കാസറകോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് സ്കൂളിൽ

അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്,കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതിന് ട്യൂട്ടറെ നിയമിക്കുന്നു. യു.പി. അസിസ്റ്റന്റ് തസ്തികയിലെക്ക് പി.എസ്.സി. നിയമനത്തിനായി നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹതം ഈ മാസം 20 നു രാവിലെ 11 ന് സ്ക്കൂളിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04994239969 എന്ന നമ്പറിൽ ബന്ധപ്പെടണം.

## സമഗ്ര പച്ചക്കറികൃഷി വികസനം കാസറഗോഡ് ജില്ലയ്ക്ക് 4 സംസ്ഥാനതല അവാർഡ്

2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന തലത്തിൽ പച്ചക്കറി കൃഷി വികസനത്തിന് മികച്ച പ്രവർത്തനം കാഴ്ചവെച്ച കൃഷി ഉദ്യോഗസ്ഥർക്കും സ്ഥാപനങ്ങൾക്കും കർഷകർക്കുമുള്ള അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച കൃഷി അസിസ്റ്റന്റ് ഡറക്ടർ വിഭാഗത്തിൽ രണ്ടാം സ്ഥാനം പരപ്പ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സിന്ധു കുമാരി ജി.എസ്, മികച്ച കൃഷി അസിസ്റ്റന്റ് വിഭാഗത്തിൽ മൂന്നാം സ്ഥാനം ഭാസ്കരൻ കെ, കൃഷി അസിസ്റ്റന്റ് പള്ളിക്കര, മികച്ച പൊതുസ്ഥാപനം വിഭാഗത്തിൽ മൂന്നാം സ്ഥാനം എ.എൽ.പി.എസ്.പൂണ്ടൂർ, ചെങ്കള പഞ്ചായത്ത്, മികച്ച ക്ലസ്റ്റർ വിഭാഗത്തിൽ മൂന്നാം സ്ഥാനം എരിക്കുളം പച്ചക്കറി ക്ലസ്റ്റർ, മടിക്കൈ പഞ്ചായത്ത് എന്നിവർ കരസ്ഥമാക്കി. രണ്ടാം സ്ഥാനത്തിന് 25,000/- രൂപയും, മൂന്നാം സ്ഥാനത്തിന് 15,000/- രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങിയതാണ് അവാർഡ് പുരസ്ക്കാരം.

## മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.മോഹൻ കുമാർ സെപ്തംബർ 11 ന് കാസറകോട് ഗവ: ഗസ്റ്റ് ഹൗസിൽ സിറ്റിംഗ് നടത്തും.

## ജില്ലാ വികസന സമിതി യോഗം

ആഗസ്റ്റ് മാസത്തിലെ ജില്ലാ വികസന സമിതി യോഗം സെപ്റ്റംബർ ഒന്നിന് ശനിയാഴ്ച രാവിലെ 11 ന് കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേരും.

## എം.എൽ.എ. ഫണ്ട് അനുവദിച്ചു.

എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് ചെങ്കള പഞ്ചായത്തിലെ കല്ലുവള കല്ലും കൂട്ടം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 4,96,000/- രൂപ അനുവദിച്ചു.

ഉദുമ മണ്ഡലം എം.എൽ.എ. കെ കുഞ്ഞിരാമൻ പ്രത്യേക വികസന നിധിയിൽ നിന്ന് മുളിയാർ ചിത്തരജ്ഞൻ എ.എൽ.പി.എസിന് ടോയ്ലറ്റ് നിർമ്മാണത്തിന് രണ്ടു ലക്ഷം രൂപ അനുവദിച്ചു.

## കൂടിക്കാഴ്ച മാറ്റിവെച്ചു

നിർഭയ ഷെൽട്ടർ ഹോമിൽ ഒഴിവുള്ള വാർഡൻ സൈക്കോളജിസ്റ്റ് തസ്തികയിലേക്ക് ജീവനക്കാരെ തെരെഞ്ഞടുക്കുന്നതിനായി ഈ മാസം 20 ന് ജില്ലാ പഞ്ചായത്ത് അനക്സ് ഹാളിൽ നടത്തുവാൻ നിശ്ചയിച്ച കൂടിക്കാഴ്ച ദുരന്തം കാരണം മാറ്റി വച്ചു.

## പകർച്ചവ്യധികൾ പിടിപെടാനുള്ള സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം

കനത്ത മഴയിൽ കുടിവെള്ള സ്രോതസ്സുകളും പരിസരവും മലിനമാകുവാൻ സാധ്യത കുടുതലുള്ളതിനാൽ വയറിളക്കരോഗങ്ങൾ, എലിപ്പനി,എന്നിവക്കെതിരെ പ്രത്യേക മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അിറയിക്കുന്നു. നന്നായി തിളപ്പിച്ചാറ്റിയ ജലം മാത്രമേ കുടിക്കാൻ ഉപ

യോഗിക്കാവു.  പച്ചവെള്ളവും തിളപ്പിച്ച വെള്ളവും കുട്ടിച്ചേർത്തു ഉപയോഗിക്കരുത്.

ആഹാര സാധനങ്ങൾ ചൂടോടെ ഉപയോഗിക്കുക.  ആഹാരസാധനങ്ങളും മറ്റും ഈച്ച കയറാതെ അടച്ചു സൂക്ഷിക്കണം.കടകളിൽ നിന്നും വഴിയോര കച്ചവടക്കാരിൽ നിന്നും ആഹാരപദാർത്ഥങ്ങൾ സ്വീകരിക്കുന്നത് ഒഴിവാക്കുക.

ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കിണറുകളിൽ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ നടത്തേണ്ടതാണ്.  കൈകാലുകളിൽ മുറിവിളളവർ ലെള്ളത്തിലിറങ്ങേണ്ടിവന്നാൽ അതിനുശേഷം ആന്റി സെപ്റ്റിക് ലോഷൻ ഉപയോഗിച്ച് മുറിവ് കഴുകേണ്ടതും ആന്റിസെപ്റ്റിക് ക്രീം പുരട്ടേണ്ടതുമാണ്.

ഓടകളിലും തോടുകളിലും വയലുകളിലും കുളങ്ങളിലും ഇറങ്ങി ജോലി ചചെയ്യുന്നവർ ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം എലിപ്പനി രോഗത്തിനെതിരെ മുൻ കരുതൽ ചികിത്സ എന്ന നിലയിൽ ഡോക്സിസൈക്ലിൻ ഗുളിക കഴിക്കേണ്ടതാണ്.

ഏതെങ്കിലും തരത്തിൽ രോഗലക്ഷണങ്ങൾ ഉള്ളവർ വൈദ്യ സഹായം തേടുക.അടിയന്തര സാഹചര്യങ്ങളിൽ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക.പകർച്ചവ്യാധി നിയന്ത്രണ സെൽ 0467 2207777.

ദുരന്ത നിവാരണ സെൽ കാസറകോട് 04994 257700.

## ഓണം കൈത്തറി വസ്ത്ര പ്രദർശന മേള ഉദ്ഘാടനം ചെയ്തു

സംസ്ഥാന കൈതറി വസ്ത്ര ഡയറക്റ്ററേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം കാസർഗോഡ് ജില്ലാ കൈത്തറി വികസന സമിതി എന്നിവയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് , നിത്യാനന്ദ ബിൽഡിങ്ങിൽ സംഘടിപ്പിക്കുന്ന ഈ വർഷത്തെ ഓണം കൈത്തറി വസ്ത്ര പ്രദർശന മേളയുടെ ഉദ്ഘാടനം കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ വി.വി.രമേശൻ നിർവ്വഹിച്ചു.  സംസ്ഥാനം നേരിട്ട് കൊണ്ടിരിക്കുന്ന കൊടിയ പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ വർഷവും മേളയുടെ പ്രചാരണത്തിന്റെ ഭാഗമായി നടത്താറുള്ള ഘോഷയാത്ര,ശിങ്കാരി മേളം എന്നിവ ഒഴിവാക്കിക്കൊണ്ട് ലളിതമായി നടന്ന ചടങ്ങിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എം.ഗൗരി അദ്ധ്യക്ഷത വഹിച്ചു.  ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ്ജ് ആർ രേഖ സ്വാഗതവും, കാസർകോട് ജില്ലാ സഹകരണബ്ങ്ക് ജോയിന്റ് രജിസ്ട്രാറും അഡ്മിനിസ്ട്രേറ്ററുമായ വി.മുഹമ്മദ് നൗഷാദ് മിഖ്യ പ്രഭാഷണവും നടത്തി.  കൈത്തറി മേളയിൽ ആദ്യ വിൽപ്പന കെ.എസ്.എസ്.ഐ കാസർകോട് യൂണിറ്റ് പ്രസിഡണ്ട് സി.ബിന്ദുവിന് നൽകിക്കൊണ്ട് കാഞ്ഞങ്ങാട് നഗരസഭാ വൈസ് ചെയർപേഴ്സൺ എൽ.സുലൈഖ നിർവ്വഹിച്ചു.

ചടങ്ങിൽ ഹോസ്ദുർഗ് അസി. ഒ.്യവസായ ഓഫീസർ കെ.ആർ.സുനിൽ കുമാർ, മാണിയാട്ട് കൈത്തറി സഹകരണ സംഘം പ്രസിഡണ്ട് പി.വി.രമേശൻ, കാസർകോട് കൈത്തറി സഹകരണ സംഘം പ്രസിഡണ്ട് മാധവ ഹെരള ,രാം നഗർ കൈത്തറി സഹകരണ സംഘം പ്രസിഡണ്ട് ഗംഗാധരൻ,പി.ടി.നീലേശ്വരം കൈത്തറി സഹകരണ സംഘം പ്രസിഡണ്ട് ചന്ദ്രൻ പി, തൃക്കരിപ്പൂർ കൈത്തറി സഹകരണ സംഘം പ്രസിഡണ്ട് എം.രാമചന്ദ്രൻ എന്നവർ ആശംസകളർപ്പച്ച് സംസാരിച്ചു.

ആഗസ്റ്റ് 14 മുതൽ 23 വരെ രാവിലെ 9 മണി മുതൽ വൈകുന്നേരം 7 വരെ നടക്കുന്ന കൈത്തറി മേളയിൽ 20% കേരള സർക്കാർ റബേറ്റും, ആയിരം രൂപക്ക് മുകളിൽ ഉത്പന്നങ്ങൾ വാങ്ങുന്നവരിൽ നിന്നും നറുക്കെടുപ്പലുടെ ദിവസേന ആയിരം രൂപയുടെ കൈത്തറി വസ്ത്രങ്ങൾ സമ്മാനമായും നൽകും.   മേളയിൽ

ബമ്പർ സമ്മാനമായി കാസർകോട് ജില്ലാ സഹകരണ ബാങ്ക് സ്പോൺസർ ചെയ്ത വാഷിംഗ് മെഷീൻ കഴിഞ്ഞ വർഷത്തെ വിജയിക്ക് കൈമാറി.

കാഞ്ഞങ്ങാട് ബസ്സ്റ്റാന്റിനു സമീപമുള്ള നിത്യനന്ദ ബിൽഡിങ്ങിൽ ഒന്നാം നിലയിൽ കാസർകോട് ജില്ലയിലെയും ഇതര ജില്ലകളിലെയൂം പ്രമുഖരായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ സ്റ്റാളുകൾ ക്രമീകരിച്ചട്ടുള്ള മേള യിൽ പ്രവേശനം സൗജന്യമാണ്.

## എംപ്ലോയബിലിറ്റി സെൻ്റർ ജോലി അഭിമുഖം

കാസർകോട് ജില്ല എംപ്ലോയിമെൻ്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബി ലിറ്റി സെൻ്ററിൽ ജോലി അഭിമുഖം നടത്തുന്നു. ഈ മാസം 20 ന് രാവിലെ പത്തു മണി മുതൽ കാസർകോട് കളക്ട്രേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെൻ്ററിലാണ് അഭിമുഖം.ബി.എസ്സ്.സി, ഡി.എം.എൽ.റ്റി.ഡിപ്ലോമാ ഇൻ നേഴ്സിംഗ്,ഡിപ്ലോമാ ഇൻ എക്സ്റെ ടെക്നിഷ്യൻ,ഫ്രണ്ട് ഓഫീസ് സ്റ്റാഫ് (ഫീ മെയിൽ)അക്കൗണ്ടിംഗ് ഫാകൽറ്റി,റ്റീച്ചിങ്ങ് സ്റ്റാഫ്ഫിസിക്കൽ എഡ്യൂക്കേ ഷൻ,ആർട്ട് ടീച്ചർ എന്നീ തസ്തികകൾക്ക് അഭിമുഖം നടത്തുന്നു.

**അവസാനിച്ചു**